പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3401 — 14.03.2018 -ൽ മറുപടിക്ക്

## ഹോട്ടലുകളിൽ അമിത വില ഈടാക്കുന്നത് തടയാൻ നടപടി

| ചോദ്യം<br>**ശ്രീ.ഡി.കെ. മുരളി** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) സംസ്ഥാനത്തെ ഹോട്ടലുകൾക്ക് ഓരോ ഭക്ഷണ സാധനത്തിനും ഈടാക്കേണ്ട വില നിശ്ചയിച്ച് നൽകിയിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) ഉണ്ടെങ്കിൽ അതിന്റെ മാനദണ്ഡങ്ങളും നിരക്കുകളും വിശദമാക്കാമോ ; | (ബി) മേൽ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| (സി) അമിത വില ഈടാക്കുന്നത് തടയാൻ എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ ? | (സി) ഭക്ഷണ സാധനങ്ങളുടെ ഗുണമേന്മ, അളവ്, ഹോട്ടലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ, നല്കുന്ന സേവനം എന്നിവയുടെ അടിസ്ഥാനത്തിൽ ഒരേയിനം ഭക്ഷണസാധനങ്ങൾക്ക് വിവിധ തരത്തിൽ വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലെ നിയമം അനുസരിച്ച് ഭക്ഷണ സാധനങ്ങളുടെ വില നിശ്ചയിക്കുന്നതിനോ ഏകീകരിക്കുന്നതിനോ ഉള്ള അധികാരം വകുപ്പിനില്ല. ഭക്ഷണ സാധനങ്ങളുടെ വിലവിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്ക വിധം പ്രദർശിപ്പിച്ചിട്ടുണ്ടോ എന്നും വിലവിവരപ്പട്ടികയിൽ പ്രദർശിപ്പിച്ച നിരക്കിലും അധികമായി വില ഈടാക്കുന്നുണ്ടോ എന്നും പരിശോധിക്കുന്നതിനുള്ള അധികാരം മാത്രമാണ് ഭക്ഷ്യ പൊതുവിതരണ വകുപ്പിനുള്ളത് |

സെക്ഷൻ ഓഫീസർ